# Mathrubhumi

## 22 August 2018

## Aluva, Flood, Rescue Workers

# ഇവർ തുരുത്തിന്റെ കാവലാളുകൾ

പെരിയാറിന്റെ വരദാനമായ തുരുത്ത് ദ്വീപിന്റെ മുകളിലൂടെ പ്രളയജലം ഒഴുകിയപ്പോൾ രക്ഷതേടി പലായനം ചെയ്തത് ആയിരങ്ങൾ. മറുകര തേടിയുള്ള യാത്രയിൽ വിശ്രമമില്ലാതെ സ്വന്തം നാട്ടുകാർക്ക് തുണയായി നിന്നത് 70 പേർ. ഇവരിൽ ചിലർ രക്ഷാപ്രവർത്തകരായി മാറിയപ്പോൾ, സ്ത്രീകൾ കരുത്തേകി കൂടെ നിന്നു.

ദി ഇസിൽ ബൈ ഏരിയ 707 ഹോം സ്റ്റേ റിസോർട്ടിന്റെ വിനോദ നൗകയാണ് രക്ഷാപ്രവർത്തനത്തിന് ബോട്ടായി ഉപയോഗിച്ചത്. തുരുത്തിലെ ഏറ്റവും ഉയരമുള്ള പ്രദേശമായ എടത്തി തുരുത്ത് കേന്ദ്രീകരിച്ചായിരുന്നു ആലുവയിലേക്ക് രക്ഷാപ്രവർത്തനം നടത്തിയത്. എടത്തികുന്നിന്റെ നൂറു മീറ്റർ ഒഴികെ തുരുത്തിലെ എല്ലാ ബാക്കിയുള്ള പ്രദേശവും വെള്ളം കയറി. വിനോദ നൗകയുടെ മേൽക്കൂര യാത്ര ചെയ്ത് പോകാൻ തടസ്സമായപ്പോൾ അത് നീക്കം ചെയ്തു. രക്ഷാപ്രവർത്തകർക്ക് വെല്ലുവിളിയുയർത്തിയത് 11 കെ.വി. ഇലക്ട്രിക് ലൈനുകളായിരുന്നു. ബോട്ടിലൂടെ പോകുമ്പോൾ തടസ്സം നിന്ന് ഈ ലൈനുകൾ അരിവാൾ ഉപയോഗിച്ചാണ് അറുത്തുമാറ്റിയത്.

തുരുത്തിലെ റെയിൽവേ ട്രാക്കിനു സമീപമാണ് ബോട്ടുകളിൽ രക്ഷാപ്രവർത്തനം നടത്തിയവരെ എത്തിച്ചത്. ട്രാക്കിലൂടെ നടന്ന് പെരിയാറിന് കുറുകെയുള്ള റെയിൽവേ മേൽപ്പാലം കയറി രക്ഷപ്പെട്ടവർ ആലുവയിലെത്തി. 23 ട്രിപ്പാണ് ബോട്ട് നടത്തിയത്. ഇതിൽ കയറിപ്പോയവരുടെ എണ്ണം അഞ്ഞൂറോളം വരും.



ആലുവ തുരുത്ത് ദ്വീപിൽ രക്ഷാപ്രവർത്തനം നടത്തിയവരും അവിടെ തങ്ങിയവരും

തുരുത്തിൽ താമസിക്കുന്ന ആലപ്പുഴ നീലംപെരൂർ സ്വദേശി അനീഷ്, ഭാര്യ സുനിത മോൾ, റിസോർട്ടിലെ ജീവനക്കാരൻ നിർമൽ, നാട്ടുകാരായ കൈപ്പറപറമ്പിൽ ബെന്നി, മേലേത്ത് കണ്ണൻ, അലി, ഔസേപ്പ്, അനീഷ്, പൊയ്യാട്ട് രൂപേഷ്, ഗോപാലകൃഷ്ണൻ, മൂലംകണ്ണി അസീസ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു രക്ഷാദൗത്യം. ബുധനാഴ്ച രാത്രി മുതൽ തുടങ്ങിയ കഠിനാധ്വാനം അവസാനിച്ചത് ശനിയാഴ്ച പുലർച്ചെ. വെള്ളിയാഴ്ച നേവിയുടെ ചങ്ങാടമെത്തി രണ്ട് ട്രിപ്പുകളിലായി എട്ടുപേരെ രക്ഷപെടുത്തുകയും ചെയ്തു. തുരുത്ത് ദ്വീപിലെ ചെറുവഴികളിൽ അകപ്പെട്ടവർക്ക് തുണയേകിയത് കൈപ്പറപറമ്പിൽ ബെന്നിയുടെ വള്ളമാണ്. വഞ്ചി തുഴഞ്ഞ് ഉൾമേഖലയിലെ വീടുകളിലെത്തിയ ബെന്നി ഇവരുമായി എടത്തികുന്നിലെത്തുകയായിരുന്നു. ബെന്നി രക്ഷാപ്രവർത്തനം നടത്തിയ വീടുകൾ പിന്നീട് പൂർണമായും മുങ്ങിപ്പോയി.

തുരുത്തിലെ ഈ കരുത്തർ നടത്തിയ കഠിന പ്രയത്നമാണ് ആൾനാശമുണ്ടാക്കാതെ ദ്വീപിനെ കാത്തത്. എല്ലാവരെയും മറുകരയിലെത്തിച്ച ശേഷം ഇവർ തുരുത്തിനെ കാക്കാനായി അവിടെത്തന്നെ തുടർന്നു.

**രക്ഷാപ്രവർത്തകർക്ക് വെല്ലുവിളിഉയർത്തിയത് 11 കെ.വി. ഇലക്ട്രിക് ലൈനുകളായിരുന്നു.**

ശനിയാഴ്ച പുലർച്ചെ വെള്ളം ഇറങ്ങി തുടങ്ങിയതോടെയാണ് അവർക്ക് ശ്വാസം നേരെ വീണത്. തുരുത്തിലെ സൂപ്പർ ഹീറോകളായി മാറിയ രക്ഷകർക്ക് സ്വീകരണം ഒരുക്കാനും നാട്ടുകാർ തീരുമാനിച്ചുകഴിഞ്ഞു.

പെരിയാറിനാൽ ചുറ്റപ്പെട്ട ചെറു ദ്വീപാണ് ആലുവയ്ക്കടുത്തുള്ള തുരുത്ത്.